ഉത്തരം

(എ) ഉണ്ട്.

(ബി) ചില ജില്ലകളിൽ ട്രെയിനിംഗ് ഇല്ലാത്ത തഹസീൽദാർമാരെ താലൂക്ക് തഹസീൽദാർമാരായി നിയമിച്ചിട്ടുണ്ട്.

(സി) രണ്ട്.

(ഡി) പ്രൊബേഷൻ കാലയളവിൽതന്നെ പോലീസ് ആൻറ് മജിസ്ട്രേറ്റീരിയൽ ട്രെയിനിംഗിനു തഹസീൽദാർമാരെ നിയോഗിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ഐ. എ. എസ്.ലേക്ക് പ്രൊമോഷനാകുന്ന ഡെപ്യൂട്ടി കളക്ടർമാർ

29 [1591] ശ്രീ. എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂ ഡിപ്പാർട്ട്മെൻറിൽ എട്ടുവർഷം സർവ്വീസ് പൂർത്തിയാക്കിയ ഡെപ്യൂട്ടി കളക്ടർമാരുടെ പേരുവിവരം വെളിപ്പെടുത്താമോ;

(ബി) ഇവരിൽ എത്ര പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുണ്ട്; അവർ ആരെല്ലാമെന്നു വ്യക്തമാക്കുമോ;

(സി) എട്ടുവർഷം സർവ്വീസ് പൂർത്തിയാക്കിയ ഡെപ്യൂട്ടി കളക്ടർമാരുടെ പേരുവിവരം ഐ.എ.എസ്. സെലക്ഷൻ കമ്മിറ്റിക്ക് നൽകിയിട്ടുണ്ടോ; എങ്കിൽ ആരുടെയെല്ലാം പേരുകൾ നൽകിയിട്ടുണ്ട്?

ഉത്തരം

(എ) 14-3-1996-ൽ എട്ടുവർഷം സർവ്വീസ് പൂർത്തിയാക്കിയ ഡെപ്യൂട്ടി കളക്ടർമാരുടെ പേരുവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) ഇവരിൽ പതിനാറ് (16) പട്ടികജാതിക്കാരും മൂന്ന് (3) പട്ടികവർഗ്ഗക്കാരുമുണ്ട്. (പേരുവിവരം അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്†

(സി) എട്ടുവർഷത്തെ തുടർച്ചയായ സർവ്വീസ് ഡെപ്യൂട്ടി കളക്ടർ പദവിയിലുണ്ടായിരിക്കുകയും, ആ തസ്തികയിൽ സ്ഥിരപ്പെടുത്തൽ (കൺഫർമേഷൻ) ലഭിക്കുകയും ചെയ്തിട്ടുള്ളവരുടെ പേര് വിവരങ്ങളാണ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് നൽകുവാൻ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ചട്ടപ്രകാരമുള്ള പേരുവിവരങ്ങൾ സെലക്ഷൻ കമ്മിറ്റിക്ക് നൽകിയിട്ടുണ്ട്.

† അനുബന്ധം II.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 29 (1591) കാണുക]

എട്ടു വർഷം സർവീസ് പൂർത്തിയാക്കിയ ഡെപ്യൂട്ടി കളക്ടർമാരുടെ പേരുകൾ

1.	ശ്രീമതി സുമന എൻ. മേനോൻ	(പട്ടികജാതി)
2.	ശ്രീ. പി. എസ്. ഈസോസ്	(പട്ടിക വർഗ്ഗം)
3.	ശ്രീ. കെ. അപ്പു	(പട്ടികജാതി)
4.	ശ്രീ. എം. അനിരുദ്ധൻ	(പട്ടികജാതി)
5.	ശ്രീ. വി. കെ. വാസുദേവൻ	(പട്ടികജാതി)
6.	ശ്രീ. കെ. ഗോപാലൻ	(പട്ടികജാതി)
7.	ശ്രീ. എസ്. സുകുമാരൻ	(പട്ടികജാതി)
8.	ശ്രീ. എൻ. എ. കൃഷ്ണൻകുട്ടി	(പട്ടികജാതി)
9.	ശ്രീ. ഇ. അയ്യപ്പൻ	(പട്ടികജാതി)
10.	ശ്രീ. കെ. ആർ. രാജൻ	(പട്ടിക വർഗ്ഗം)
11.	ശ്രീ. ആർ. രാമദാസ്	(പട്ടികജാതി)
12.	ശ്രീ. ഇ. എ. കൃഷ്ണൻ	(പട്ടികജാതി)
13.	ശ്രീ. ഇ. കെ. പ്രഭാകരൻ	(പട്ടികജാതി)
14.	ശ്രീ. പി. സി. സനൽകുമാർ	(പട്ടികജാതി)
15.	ശ്രീ. ടി. ജെ. മാത്യു	(പട്ടിക വർഗ്ഗം)
16.	ശ്രീ. ബി. എസ്. മാവോജി	(പട്ടികജാതി)
17.	ശ്രീ. പി. അർജ്ജുനൻ	(പട്ടികജാതി)
18.	ശ്രീ. കെ. ആർ. വിശ്വംഭരൻ	(പട്ടികജാതി)
19.	ശ്രീ. ആർ. പ്രഭാകരൻ	(പട്ടികജാതി)

LIBRARY ARCHIVES Kerala Legislative Assembly